**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 216** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കാസർഗോഡ് മെഡിക്കൽ കോളേജിലെ പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കല്ലട്ര മാഹിൻ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** കാസർഗോഡ് മെഡിക്കൽ കോളേജിൽ നഴ്സിംഗ് വിദ്യാർത്ഥികളുടെ ഹോസ്റ്റലും എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ മെൻസ് ഹോസ്റ്റലും എപ്പോൾ യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

**കാസർകോട് മെഡിക്കൽ കോളജിൽ നിലവിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു;**

**കാസർകോട് മെഡിക്കൽ കോളേജിൽ നഴ്സിങ് വിദ്യാർത്ഥികളുടെ ഹോസ്റ്റലിനായി നിലവിൽ തുക വകയിരുത്തിയിട്ടില്ല. പ്ലാൻ ഫണ്ട്, കെ ഡി പി തുടങ്ങിയ പദ്ധതികൾ വഴി നഴ്സിംഗ് വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള വഴികൾ പരിശോധിച്ച് വരുന്നു. കാസർകോട് മെഡിക്കൽ കോളജിന്റെ വികസന പ്രവർത്തനങ്ങൾക്കായി കിഫ്ബി ധനസഹായത്തോടെ 06/08/2021- ലെ സ.ഉ(സാധാ) നം. 1689/2021/ആ.കു.വ പ്രകാരം 160.23 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ സിവിൽ വർക്ക് ഫോർ ബോയ്സ് ഹോസ്റ്റൽ, ബോയ്സ് ഇന്റേൺസ് ഹോസ്റ്റൽ, ഗേൾസ് ഇന്റേൺസ് ഹോസ്റ്റൽ പ്രവർത്തികളും ഉൾപ്പെടുന്നു.**

**(ബി)** നഴ്സിംഗ് കോളേജിന് സ്വന്തമായി കെട്ടിടം ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u> ഉണ്ട്. നബാർഡ് പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി കെട്ടിടം പണിയുന്നതിനുള്ള വഴികൾ പരിശോധിച്ചു വരുന്നു .**

**(സി)** പ്രസ്തുത മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ഇതിനകം പൂർത്തീകരിച്ചതും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u> മെഡിക്കൽ കോളജിലെ അക്കാദമിക് ബ്ലോക്കിലെ ഇഎൽവി വർക്കുകൾ സെക്കൻഡ് ഫേസ്, വെന്റിലേഷൻ വർക്കുകൾ, ഫയർ എൻ.ഒ.സി-യ്ക്ക് ആവശ്യമായ അഡീഷണൽ വർക്കുകൾ എന്നിവയൊഴികെ എല്ലാം പൂർത്തിയായിട്ടുണ്ട്. ഗേൾസ് ഹോസ്റ്റൽ, ടീച്ചിങ് ക്വാർട്ടേഴ്സ് എന്നിവയുടെ സിവിൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണം പുരോഗമിച്ചു വരുന്നു. ബോയ്സ് ഹോസ്റ്റൽ, നോൺ ടീച്ചിങ് ക്വാർട്ടേഴ്സ്, ഓഡിറ്റോറിയം തുടങ്ങിയ വർക്കുകൾ ആരംഭിച്ചിട്ടില്ല.**

**(ഡി)** ഡോക്ടർമാരുടെയും ജീവനക്കാരുടെയും നിയമനത്തിൽ അമ്പത് ശതമാനം വിലക്കേർപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** **ഡോക്ടർമാരുടെയും ജീവനക്കാരുടെയും നിയമനത്തിൽ 50% വിലക്കേർപ്പെടുത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് മെഡിക്കൽ കോളജിൽ പ്രവേശനത്തിന് എൻ.എം.സി അനുമതി നൽകിയതിനെ തുടർന്ന് മുഴുവൻ ജീവനക്കാരെയും നിയമിക്കുന്നതിന് അനുമതി നൽകണം എന്നാവശ്യപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.**

**സെക്ഷൻ ഓഫീസർ**